## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1032 — 01.07.2015 -ലെ മറുപടിയ്ക്ക്

### സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച കോളേജുകൾ


ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ പുതുതായി എത്ര കോളേജുകൾ ആരംഭിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ പുതുതായി 19 കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം സർക്കാർ വനിത കോളേജിന് തത്ത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ കോളേജുകളിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | മേൽപറഞ്ഞ 19 കോളേജുകളിൽ 13 കോളേജുകൾക്ക് അദ്ധ്യാപക തസ്തികകളും 07 കോളേജുകൾക്ക് അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്. |
| (സി) | കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അധ്യാപകരുടെ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കാമോ? | (സി) | കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അധ്യാപകരുടെ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊണ്ടുവരുകയാണ്. |

സെക്ഷൻ ഓഫീസർ